രാഘവൻ, ശ്രീ സി. ആർ. കേശവൻവൈദ്യർ മുതലായ സമുദായനേതാക്കളും ഇ. എം. എസ്. നമ്പൂതിരിപ്പാട്, എൻ. ഇ. ബാലറാം, കെ. എം. മാണി, പി. ജെ. ജോസഫ്, ജനാബ് ശിഹാബ് തങ്ങൾ മുതലായ രാഷ്ട്രീയ നേതാക്കളും സാഹിത്യ—കലാ—സാംസ്കാരിക നേതാക്കളും ഏകസ്വരത്തിൽ ഈ കൈയടക്കൽശ്രമത്തെ അപലപിച്ചിരിക്കുന്നു. ഇന്ത്യയിൽ ഇതിനുമുമ്പ് മറ്റൊരു സംഗതിയിലും ഉണ്ടായിട്ടില്ലാത്തവിധത്തിൽ ഈ കൈയടക്കൽ നടപടിക്കെതിരെ എല്ലാ കക്ഷികളിലും പെട്ട 152 എം. പി.മാർ ഒപ്പിട്ട ഒരു പ്രസ്താവന പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന വസ്തുത മറന്നുകൂടാ. ഒരു സ്വതന്ത്ര—ദേശീയ—ജനകീയ പത്രമെന്ന ഇന്നത്തെ നിലയിൽ മാതൃഭൂമി തുടർന്നു പോകണമെന്ന ആവശ്യം കേരളത്തിനകത്തും പുറത്തും ഒരേ സ്വരത്തിൽ ഉയർന്നുകഴിഞ്ഞിട്ടുണ്ട്. ഈ ജനകീയാവശ്യത്തെ ആർക്കും അവഗണിക്കുക സാദ്ധ്യമല്ല.

മാതൃഭൂമി ഷെയറുടമകളുടെ ഒരു പൊതുയോഗം ഈ കാര്യത്തിൽ നിയമാനുസൃതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ഈ മാസം 13—ാം തീയതി ചേരുന്നുണ്ട്.

കൈയടക്കൽ നടപടിയിൽനിന്ന് ബെന്നററ് കോൾമാൻ കമ്പനി പിന്തിരിയുംവരെ പ്രാദേശികപത്രങ്ങളുടെ ജനാധിപത്യപരമായ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഈ സമരം തുടർന്നു നടക്കേണ്ടതുണ്ട്. 'മാതൃഭൂമി'യിലുണ്ടായ സംഭവവികാസങ്ങൾ മററു പ്രാദേശിക പത്രങ്ങൾക്കും ഒരു പാഠമായിട്ടുണ്ട്. ബെന്നററ് കോൾമാൻ കമ്പനിക്കെതിരെ കേരളത്തിനകത്തും പുറത്തുമുള്ള ഇന്ത്യൻ ഫെഡറേഷൻ ഓഫ് വർക്കിങ് ജർണലിസ്റ്റ്സ്, ന്യൂസ്പേപ്പർ എഡിറ്റേഴ്സ് അസോസിയേഷൻ, ഇന്ത്യൻ ഫെഡറേഷൻ ഓഫ് ന്യൂസ്പേപ്പർഎംപ്ലോയീസ്, കേരള യൂണിയൻ ഓഫ് വർക്കിങ് ജർണലിസ്റ്റ്സ് മുതലായ പത്രപ്രവർത്തക സംഘടനകളും ഇന്ത്യയിലെ പ്രമുഖ പത്രാധിപന്മാരും രംഗത്തു വന്നിട്ടുള്ളതിന്റെ കാരണം മറ്റൊന്നല്ല.

9 മാർച്ച്, 1989

# 65. ഒരു മിനിമം ഡിമാൻഡ്

കേരളത്തിൽ സർക്കാർ നടത്തുന്ന ഒരു കോളേജ് ഈയിടെ സന്ദർശിച്ചപ്പോൾ ഉമ്മറത്തും അകത്തളത്തിലും പ്രിൻസിപ്പാളിന്റെ മുറിക്കു മുമ്പിലും ചുവരിൽ സമൃദ്ധമായി ഒട്ടിക്കുകയും എഴുതുകയും ചെയ്തിരുന്ന 'ഗ്രാഫിററി'കൾ ആണ് ആദ്യമായി എന്റെ ശ്രദ്ധയാകർഷിച്ചത്. എല്ലാം അവശതാപ്രഖ്യാപനങ്ങൾ, അധികാരത്തോടുള്ള വെല്ലുവിളികൾ, അനീതിക്കെതിരായ സമരപ്രഖ്യാപനങ്ങൾ. എല്ലാം കടുംചായങ്ങളിൽ വളരെ വലിപ്പത്തിൽ വളരെ വിരൂപമായി. ഇവയിൽ കടലാസ്സിൽ എഴുതിയും അച്ചടിച്ചും ഒട്ടിച്ച ചുവരെഴുത്തുകൾ കുറെ ശ്രമിച്ചാൽ മായ്ച്ചുകളയാൻ കഴിഞ്ഞേക്കും. പക്ഷേ, അവ മായ്ച്ചുകളയാൻ പ്രിൻസിപ്പാൾമാർക്കോ മററ് അധികൃതർക്കോ ധൈര്യം ഇല്ലാതായിട്ട് വർഷം ഏറെയായി. മായ്ച്ചുകളഞ്ഞാൽ അതിനായിരിക്കും അടുത്ത സമരം! അതിനാൽ അവ അവയിലെ പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടിയോ നേടാനാവില്ലെന്ന ധാരണയാൽ ഉപേക്ഷിക്കപ്പെട്ടോ കഴിഞ്ഞിട്ട് വർഷങ്ങൾക്കുശേഷവും ചുവരുകളെ വൃത്തിശൂന്യങ്ങളും ബീഭത്സങ്ങളുമാക്കിക്കൊണ്ട് അങ്ങനെതന്നെ നിലനിൽക്കുന്നു.

ഇത് ഒരുവക. ടാറുകൊണ്ടോ കട്ടത്ത ചായങ്ങൾകൊണ്ടോ എഴുതിയ മറ്റൊരു കൂട്ടം അവകാശ—സമര—പ്രഖ്യാപനങ്ങളുണ്ട്. ചുമരിലെ കുമ്മായം ആകെ കൊത്തിക്കളഞ്ഞ്, വീണ്ടും പ്ലാസ്റ്റർ തേച്ചാൽ മാത്രമേ ഈ ചുമരെഴുത്തുകൾ മായ്ച്ചുകളയാനാവൂ. സർക്കാർ സ്ഥാപനത്തിലെ ചുമർ ആകയാൽ ഈ പണി ഒരുപക്ഷേ,

പ്രിൻസിപ്പാളിന്റെ അധികാരപരിധിയിൽ പെട്ടതായിരിക്കയില്ല. അതു് പൊതുമരാമത്തുവകുപ്പു ചെയ്യേണ്ടതായിരിക്കാം. അതിനു പ്രത്യേകമായി ക്വട്ടേഷൻ ക്ഷണിക്കലും കോൺട്രാക്ടു് കൊടുക്കലും ഇടയ്ക്കുവെച്ചു് കോൺട്രാക്ടർ പണി നിർത്തി പോയാലും തുടർന്നു് കോൺട്രാക്ടു് തുക വർദ്ധിപ്പിക്കലും എല്ലാം ആവശ്യമുണ്ടായിരിക്കാം.

എന്തോ, എനിക്കറിഞ്ഞുകൂടാ.

ഒരു സംഗതിമാത്രം അറിയാം: ആ ചുമരുകൾ ഇപ്പോഴും പഴയ 'ഗ്രാഫിററി' കൾ പേറി, പഴയകാലത്തു നാട്ടിൻപുറങ്ങളിലുണ്ടായിരുന്ന കളപ്പുരകളുടെ ചുവരുകൾപോലെ വൃത്തികേടായിരിക്കുന്നു, അതൊരു സാധാരണ കാഴ്ചയായിരിക്കുന്നു. അതു് ആരുടെയും കണ്ണിൽ തറയ്ക്കാതായിരിക്കുന്നു. മാത്രമല്ല, എഴുത്തുകളില്ലാതെ വെളുത്ത വൃത്തിയായ ചുമരുകൾ ഏതെങ്കിലും വിദ്യാലയത്തിൽ കണ്ടാൽ അതിലെന്തോ അസ്വാഭാവികതയുള്ളതായും നമുക്കു തോന്നാൻ തുടങ്ങിയിരിക്കുന്നു.

സമരം കഴിഞ്ഞാലെങ്കിലും ചുമരെഴുത്തുകൾ മായ്ച്ചുകളയാൻ വിദ്യാർത്ഥി നേതാക്കൾ സമ്മതം കൊടുക്കണം. അവരുടെ സമ്മതം നേടി ചുമരെഴുത്തുകൾ മായ്ച്ചുകളയാൻ പ്രിൻസിപ്പാൾമാരും ഹെഡ്മാസ്റ്റർമാരും സമയം കാണണം. ഇതിനാവശ്യമായ പണം സർക്കാരും മാനേജ്മെൻറുകളും അനുവദിക്കുകയും വേണം എന്നൊരു മിനിമം ഡിമാൻഡ്, ഒരു പൗരനെന്നനിലയിൽ ഞാൻ മുന്നോട്ടുവെക്കുന്നു.

പൗരന്മാരേ, നിങ്ങൾ എന്നെ പിൻതാങ്ങാമോ?

2 ജനുവരി, 1989

# 66. യെല്ലമ്മയുടെ ദാസിമാർ...

ശാശ്വതമായ വേശ്യാവൃത്തിയിലേക്കു തള്ളിവിടുന്നതിനുവേണ്ടി പെൺകുട്ടികളെ അവരുടെ രക്ഷിതാക്കൾതന്നെ ഏതെങ്കിലുമൊരു ദേവതയ്ക്കു സമർപ്പിക്കുക എന്ന ദുരാചാരം ഹിന്ദുക്കളുടെ ഇടയിൽ ഇപ്പോഴും നിലവിലുണ്ട്. ഒരുപക്ഷേ, ഇന്നത്തെ ഹിന്ദുമതത്തിലെ ഏററവും നികൃഷ്ടമായ ദുരാചാരം ഇതാകുന്നു.

ഉത്തരകർണാടകത്തിലെ ബെൽഗാവ്, ബെല്ലാരി, ധാരാവാഡ്, ഗുൽബർഗ്ഗ, ബീജാപ്പൂർ എന്നീ ജില്ലകളിലും ദക്ഷിണമഹാരാഷ്ട്രത്തിലെ സതാറ, സാംഗ്ലി, കോൽഹാപൂർ, സോലാപൂർ എന്നീ ജില്ലകളിലുമാണ് ഈ ദുരാചാരം ഇപ്പോൾ കൂടുതൽ പ്രാബല്യത്തിലുള്ളതു്. വ്യഭിചാരത്തിലേക്കുള്ള ഈ 'നടതള്ളൽ' പ്രധാനമായും നിർവഹിക്കപ്പെടുന്നതു് ഉത്തരകർണാടകത്തിൽ 'സൗന്ദത്തി' എന്ന സ്ഥലത്തുള്ള 'യെല്ലമ്മ' എന്ന ദേവിയുടെ ക്ഷേത്രത്തിൽവെച്ചാണ്. ഈയാണ്ടിൽ ഫെബ്രുവരി 20–ാം തീയതി വന്ന പൈങ്കുനി (ഫാല്ഗുന) മാസത്തിലെ വെളുത്തവാവിനോടു് അനുബന്ധിച്ചു് ഈ ക്ഷേത്രത്തിൽ നടന്ന ഉത്സവക്കാലത്തെ മൂന്നു ദിവസങ്ങളിൽ ഒമ്പതു വയസ്സിനും പതിനഞ്ചു വയസ്സിനും ഇടയ്ക്കു പ്രായമുള്ള മൂവായിരത്തിലേറെ പെൺകുട്ടികളെ പാരമ്പര്യപ്രകാരമുള്ള ചടങ്ങുകളോടെ ദേവദാസികളായി മാററുകയുണ്ടായി എന്നു് യു.എൻ.ഐ. എന്ന വാർത്താ ഏജൻസിയുടെ ഒരു റിപ്പോർട്ടിൽ കാണുകയുണ്ടായി.

സൗന്ദത്തിയിലെ യെല്ലമ്മ ക്ഷേത്രത്തിന്റെ ഭരണം നടത്തുന്നതു് കർണാടക ഗവൺമെൻറ് നിയമിച്ച ഒരു അഡ്മിനിസ്ട്രേററർ ആണ്.

പെൺകുട്ടികളെ വേശ്യകളാക്കാൻവേണ്ടി ദേവിക്കു സമർപ്പിക്കുന്നതിനെ 1982–ൽ കർണാടക ഗവൺമെൻറ് നിയമം നിർമിച്ചു തടയുകയുണ്ടായി. ഈ നിയമപ്രകാരം പെൺകുട്ടികളെ ദേവദാസികളാക്കുന്നതിൽ സഹായിക്കുന്നവർക്കു്